## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **12-06-2024 - ൽ മറുപടിയ്ക്ക്**

## വന്യജീവി-മനുഷ്യ സംഘർഷം തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവി-മനുഷ്യ സംഘർഷം വർദ്ധിച്ചുവരുന്നതുമൂലം വനപ്രദേശത്തോട് ചേർന്നുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന സാധാരണ ജനങ്ങളും കർഷകരും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.** |
| (ബി) | ഇത്തരത്തിൽ ജനവാസമേഖലകളിലേക്ക് വന്യജീവികൾ കടന്നുവരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ജനവാസ മേഖലകളിലേക്ക് വന്യജീവികൾ കടന്നു വരുന്ന സാഹചര്യം പഠന വിധേയമാക്കിയിട്ടില്ല എങ്കിലും മനുഷ്യ വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച കൊണ്ട് സർക്കാർ 07-03-2024 -ന് GO(Ms) 04/24-DMD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . **മനുഷ്യ-വന്യമൃഗ സംഘർഷം ഫലപ്രദമായി നേരിടുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 07-03-2024 നു തന്നെ സർക്കാർ ഉത്തരവ് (കൈ) നം. 12/2024/വനം പ്രകാരം പുറപ്പെടുവിക്കുകയും ചുവടെ ചേർക്കുന്ന പ്രധാന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്**<br><br>1. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിലേക്കായി 25-03-2024 നു വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നതോദ്യോഗസ്ഥർ ഉൾപ്പെട്ട ശില്പശാല നടത്തുകയും ഓരോ വകുപ്പും ഇതിലേക്കായി ചെയ്യേണ്ട ചുമതലകളെപ്പറ്റി ചർച്ച ചെയ്ത് വിശദമായ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട ഹ്രസ്വകാല, ദീർഘകാല ചുമതലകൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനായി ടാർഗറ്റും തയ്യാറാക്കിയിട്ടുണ്ട്.<br><br>2. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യമൃഗങ്ങളെ നിരീക്ഷിക്കുന്നതിനും പരസ്പരം സഹകരിച്ചും |

വിവരങ്ങൾ കൈമാറിയും മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി ഒഴിവാക്കുന്നതിനുമായി കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾ ചേർന്നു അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും തുടർനപടികൾ സ്വീകരിച്ചു വരുന്നു.

3. 23-03-2024 ന് ഭാരത സർക്കാർ, NTCA, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പങ്കാളിത്തത്തോടെ കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ ടൈഗർ കൺസർവേഷൻ മീറ്റിംഗ് നടത്തി.

4. അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ എടുത്ത തീരുമാനപ്രകാരം കേരള, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ കാട്ടാനകളുടെ കണക്കെടുപ്പിനായി 2024 മെയ് 23, 24, 25 തീയതികളിലായി Inter-state Synchronised Elephant Population Estimation സംഘടിപ്പിച്ചു.

5. എല്ലാ വനം ഡിവിഷനുകളിലും സംരക്ഷണ വിഭാഗം ജീവനക്കാർ വനയാത്രകളിൽ M-STrIPES മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി. അതിനായുള്ള പരിശീലനങ്ങൾ വിവിധയിടങ്ങളിൽ നടന്നുവരുന്നു. ഇതുവരെ 6 ബാച്ചുകളുടെ പരിശീലനം പൂർത്തിയായി.

6. HAWK മോഡ്യൂൾ മുഖേന വന്യജീവി മരണങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് ഡാഷ്ബോർഡ് തയ്യാറാക്കി. ഡാറ്റ എൻട്രി പുരോഗമിക്കുന്നു.

7. പാമ്പുകളുടെ സംരക്ഷണത്തിനും വിഷപ്പാമ്പുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുമായി വനം വകുപ്പ് തയ്യാറാക്കിയ SARPA മൊബൈൽ ആപ്പിൽ മറ്റു വന്യജീവികൾ മൂലമുള്ള സംഘർഷങ്ങൾ കൂടി റിപ്പോർട്ടു ചെയ്യുകയും പരിഹരിക്കുകയും ചെയ്യാവുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ പുരോഗമിച്ചു വരുന്നു.

8. മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനായി ദീർഘകാല-ഹ്രസ്വകാല കർമ്മ പദ്ധതികൾ തയ്യാറാക്കുകയും അതിലെ ഓരോ ഇനങ്ങളും നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ആയതിന്റെ

പൂർത്തീകരണത്തിനായി സമയപരിധി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

9. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വയനാട് ജില്ലയിൽ സർക്കാർ ഉത്തരവ് 12-03-2024 ലെ GO(Rt) No. 129/2024/F&WLD പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഒരു സ്പെഷ്യൽ ഓഫീസറെ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്.

10. വനമേഖലകളിലെ കുളങ്ങൾ, ചെക്കുഡാമുകൾ, വയലുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ അധികമായി അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

**11.മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കിഫ്ബി വഴി ഇപ്പോൾ അനുവദിച്ചിട്ടുള്ള ₹ 100.00 കോടിക്കു പുറമേ ₹ 110.00 കോടി കൂടി (ആകെ ₹ 210.00 കോടി) കിഫ്ബി മുഖാന്തിരം അനുവദിച്ചു കിട്ടുന്നതിനുള്ള പ്രൊപ്പോസൽ PCCF&CWW ലഭ്യമാക്കിയതിൽ കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ആയതിന്റെ വെളിച്ചത്തിൽ ഭരണാനുമതി നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.**

12. നിലവിൽ പ്രവർത്തിച്ചു വന്നിരുന്ന ദ്രുത കർമ്മസേനകൾക്കു പുറമേ 31-05-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 23/2024/വനം പ്രകാരം ഒൻപതു ഫോറസ്റ്റ് ഡിവിഷനുകളിൽ കൂടി ദ്രുതകർമ്മ സേനകൾ (RRT) രൂപീകരിക്കുന്നതിന് ഉത്തരവാകുകയും RRT കൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടുകൂടി നിലവിൽ സ്ഥിരവും താൽക്കാലികവുമായ RRT കളുടെ എണ്ണം 28 ആയിട്ടുണ്ട്.

13. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാനും പ്രതിരോധ നടപടികൾ സ്വീകരിക്കാനുമുള്ള ദീർഘകാല-ഹ്രസ്വകാല പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അന്തർദേശീയ ദേശീയ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. ടി സമിതിയുടെ അംഗങ്ങളേയും മറ്റു വിദഗ്ധരേയും ഉൾപ്പെടുത്തി 2024 മെയ് മാസം ആറാം തീയതി International Consultative Workshop സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ ബഹു. വനം വകുപ്പ് മന്ത്രി, സംസ്ഥാന ചീഫ് സെക്രട്ടറി, വനം

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ബന്ധപ്പെട്ട മറ്റ വകുപ്പുകൾ എന്നിവരും പങ്കെടുത്തു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പ് ഉദ്യോഗസ്ഥർ, വോളന്റിയർമാർ, എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിച്ചു.

സംസ്ഥാനത്ത് വനമേഖലയോട്ട ചേർന്നു കിടക്കുന്ന ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും ജീവനും ഭീഷണിയുണ്ടാക്കുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് മുതലായവ നിർമ്മിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇറങ്ങുന്ന ആനകളെ സുരക്ഷിതമായി വനത്തിലോട്ട തുരത്തുന്നതിനായി പരിശീലനം ലഭിച്ച കുംകി ആനകളെ ഉപയോഗിച്ചുവരുന്നു. വന്യമൃഗങ്ങളുടെ സാന്നിധ്യം പൊതുജനങ്ങളെ മുൻകൂറായി അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമേ വനാതിർത്തികളിൽ ജന-ജാഗ്രതാ സമിതികൾ രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.
മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയുന്നതിന് നിരന്തര പട്രോളിങ്ങ് നടത്തിയും പരിശീലനം ലഭിച്ച ജീവനക്കാരേയും ആർ.ആർ.റ്റി. വാച്ചർമാരേയും ഇ.ഡി.സി. അംഗങ്ങളേയും വിന്യസിച്ചും സുരക്ഷിതത്വം ഉറപ്പാക്കി വരുന്നു. കൂടാതെ, താല്ക്കാലിക ആർ.ആർ.റ്റി. വിഭാഗത്തിന്റെയും ഇ.ഡി.സി.കളുടേയും സേവനവും പിന്തുണയും ടി പ്രവർത്തനങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. കൂടുതൽ പ്രദേശത്തേക്ക് പ്രതിരോധ മാർഗ്ഗങ്ങൾ വ്യാപിപ്പിക്കുന്നതിനും വന്യജീവികൾ കാടിനു വെളിയിലേക്ക് വരാത്ത വിധം അവയ്ക്ക് ഹിതകരമായ രീതിയിൽ കാട്ടിലെ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിലുള്ള കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നവയിലെ ചെളി നീക്കം ചെയ്യും ആവശ്യമായ സ്ഥാനങ്ങളിൽ പുതിയവ നിർമ്മിച്ചും പരിപാലിച്ചും വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ചട്ടപ്രകാരം

| | | | |
|---|---|---|---|
| | | | ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നൽകിയിട്ടുണ്ട്. അതിനായുള്ള സർക്കാർ ഉത്തരവിന് 27-05-2025 വരെ പ്രാബല്യമുണ്ട്. |
| (സി) | കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ചുനൽകുവാൻ നടപടി സ്വീകരിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (സി) | കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊപ്പോസൽ പരിഗണനയിലാണ്. വന്നതിനുശേഷം ഈയിനത്തിൽ എത്ര കൃഷിനാശത്തിന് നഷ്ടപരിഹാരം നല്കിയവയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (ഡി) | വന്യജീവികൾ ജനവാസ മേഖലകളിലേക്കും കൃഷി സ്ഥലങ്ങളിലേക്കും കടന്നു വരുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി 07-03-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 4/2024/വനം പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ഫലപ്രദമായി നേരിടുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 07-03-2024 ലെ തന്നെ സർക്കാർ ഉത്തരവ് (കൈ) നം. 12/2024/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വനമേഖലയോടു ചേർന്നു കിടക്കുന്ന ജനവാസ മേഖലകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് മുതലായവ നിർമ്മിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇറങ്ങുന്ന ആനകളെ സുരക്ഷിതമായി വനത്തിലോട്ടു തുരത്തുന്നതിനായി പരിശീലനം ലഭിച്ച കുംകി ആനകളെ ഉപയോഗിച്ചുവരുന്നു. വന്യമൃഗങ്ങളുടെ സാന്നിധ്യം പൊതുജനങ്ങളെ മുൻകൂറായി അറിയിക്കുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനം പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമേ വനാതിർത്തികളിൽ ജന-ജാഗ്രതാ സമിതികൾ രൂപീകരിച്ച് തദ്ദേശവാസികളുടെ സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.<br>മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയുന്നതിന് നിരന്തര പട്രോളിങ്ങ് നടത്തിയും പരിശീലനം ലഭിച്ച ജീവനക്കാരേയും ആർ.ആർ.റ്റി. വാച്ചർമാരേയും ഇ.ഡി.സി. അംഗങ്ങളേയും വിന്യസിച്ചും സുരക്ഷിതത്വം ഉറപ്പാക്കി വരുന്നു. കൂടാതെ, താല്കാലിക ആർ.ആർ.റ്റി. വിഭാഗത്തിന്റെയും ഇ.ഡി.സി.കളുടേയും സേവനവും പിന്തുണയും ടി പ്രവർത്തനങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി നിലവിലുള്ള കുളങ്ങൾ, ചെക്ക്ഡാമുകൾ എന്നവയിലെ ചെളി നീക്കം ചെയ്തും ആവശ്യമായ സ്ഥാനങ്ങളിൽ പുതിയവ നിർമ്മിച്ചും പരിപാലിച്ചും വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ചട്ടപ്രകാരം ഇല്ലായ്മ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അധികാരം നൽകിയിട്ടുണ്ട്. അതിനായുള്ള സർക്കാർ ഉത്തരവിന് 27-05-2025 വരെ പ്രാബല്യമുണ്ട്.<br><br>വന്യജീവി ആക്രമണം തടയുന്നതിനായി സംസ്ഥാനത്ത് ഒട്ടാകെ സ്ഥിരവും താൽക്കാലികവുമായി 28 ആർ.ആർ.റ്റി. കൾ പ്രവർത്തന സജ്ജമാണ്. വിഷപ്പാമ്പുകൾമൂലം മനുഷ്യർക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും പാമ്പുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും രണ്ടായിരത്തി നാനൂറോളം പരിശീലനം ലഭിച്ച വോളന്റിയർമാരുടെ സേവനവും SARPA എന്ന മൊബൈൽ ആപ്ലിക്കേഷനും പ്രവർത്തനക്ഷമാണ്. |
| (ഇ) | ഏറനാട് മണ്ഡലത്തിലെ ജനവാസമേഖലകളിലേക്കും കൃഷിസ്ഥലങ്ങളിലേക്കും വന്യജീവികൾ കടന്നുവരുന്നത് തടയുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (ഇ) | ഈസ്റ്റേൺ സർക്കിൾ, പാലക്കാടിന്റെ കീഴിലുള്ള നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽ വരുന്ന ഏറനാട് മണ്ഡലത്തിൽ ഉൾപ്പെട്ട എടവണ്ണ റെയിഞ്ചിലെ എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പെട്ട എടക്കോട് റിസർവ്വ് വനഭാഗങ്ങളിലൂടെയാണ് പ്രധാനമായും ഏറനാട്, വണ്ടൂർ നിയോജക മണ്ഡലങ്ങളിലെ ജനവാസ മേഖലകളിലേക്ക് വന്യമൃഗങ്ങൾ എത്തുന്നത്. ഇതിനെ തടയാൻ മേൽ റിസർവിന് ചുറ്റും പുതുതായി 10 കി. മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിച്ചുവരുന്നു. അതിൽ 7.50 കി. മീ. സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ ജനവാസ മേഖലകളിൽ ഇറങ്ങുന്ന ആനകളെ തിരികെ കാട്ടിലേക്ക് അയക്കാൻ ആർ.ആർ.റ്റി.കളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | കാസറഗോഡ് | 560 |
| 2 | കണ്ണൂർ | 2041 |
| 3 | വയനാട് | 5375 |
| 4 | കോഴിക്കോട് | 1637 |
| 5 | മലപ്പുറം | 966 |
| 6 | പാലക്കാട് | 2253 |
| 7 | തൃശ്ശൂർ | 827 |
| 8 | എറണാകുളം | 1518 |
| 9 | ഇടുക്കി | 593 |
| 10 | കോട്ടയം | 123 |
| 11 | ആലപ്പുഴ | 101 |
| 12 | പത്തനംതിട്ട | 730 |
| 13 | കൊല്ലം | 988 |
| 14 | തിരുവനന്തപുരം | 422 |